# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3643 15.03.2018-ൽ മറുപടിക്ക്

## ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബുകൾ നൽകുന്ന പദ്ധതി

| | ചോദ്യം<br><br>ശ്രീ. എം. സ്വരാജ് : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിന് സഹായകമായി കെ. എസ്. ഇ. ബി. ഓഫീസുകൾ മുഖേന ഉപഭോക്താക്കൾക്ക് എൽ. ഇ. ഡി ബൾബുകൾ നൽകുന്ന പ്രവൃത്തി ഏതുവരെയായി എന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്കിടയിൽ ഊർജ്ജ ക്ഷമതയുള്ള ഉപകരണങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നാഷണൽ എൽ.ഇ.ഡി.മിഷൻ പങ്കാളികൾ ആയ ഇ.ഇ.എസ്.എൽ. എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി ഉണ്ടാക്കിയ ധാരണ പ്രകാരം 9 വാട്ട്സ് എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്ത് വരുന്നു. 75 ലക്ഷം ഉപഭോക്താക്കൾക്ക് പ്രയോജനം ലഭ്യമാകുന്ന പദ്ധതിയിൽ ധാരണപ്രകാരമുള്ള 1.5 കോടി ബൾബുകളും ഇ. ഇ. എസ്. എൽ. എത്തിച്ചുക്കഴിഞ്ഞു. രണ്ട് എൽ.ഇ.ഡി. ബൾബുകൾ വീതം ഉപഭോക്താക്കളിൽ എത്തിക്കുന്ന പദ്ധതി പ്രകാരം ഇതുവരെ 1.3 കോടി ബൾബുകൾ വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള ബൾബുകളുടെ വിതരണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | എത്ര ശതമാനം ഉപഭോക്താക്കൾക്ക് എൽ. ഇ. ഡി. ബൾബുകൾ വിതരണം നടത്തിയിട്ടുണ്ട് എന്ന് അറിയിക്കുമോ; | (ബി) | 1.3 കോടി ബൾബുകളുടെ വിതരണത്തിലൂടെ ഇതുവരെ 68 ശതമാനം ഉപഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമായിട്ടുണ്ട്. |
| (സി) | ഏതെങ്കിലും സെക്ഷനുകളിൽ എൽ. ഇ. ഡി. ബൾബുകൾ സ്റ്റോക്കില്ല എന്ന കാരണത്താൽ വിതരണം നടത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആ ഓഫീസുകൾ ഏതെല്ലാമെന്ന് അറിയിക്കുമോ; | (സി) | ഇല്ല. ബാധകമല്ല |
| (ഡി) | ടി ബൾബുകളുടെ വിതരണം എന്ന് പൂർത്തിയാകും എന്ന് അറിയിക്കുമോ? | (ഡി) | 1.5 കോടി ബൾബുകൾ വിതരണം ചെയ്യാൻ ലക്ഷ്യമിടുന്ന പദ്ധതിയിൽ ഇതുവരെ 1.3 കോടി ബൾബുകൾ വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള ബൾബുകൾ ഉടൻ വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ